പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2857 07.12.2018 ൽ മറുപടിയ്ക്ക്

## തൃശ്ശൂർ സുവോളജിക്കൽ പാർക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ആർ.രാമചന്ദ്രൻ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.എൽദോ എബ്രഹാം | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | തൃശ്ശൂർ സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ; നിർമ്മാണത്തിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ എന്നറിയിക്കുമോ | (എ) | തൃശ്ശൂർ സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണം നല്ല പുരോഗതി കൈവരിച്ചിട്ടുണ്ട്. സംസ്ഥാന പദ്ധതി വിഹിതമായ 4 5 കോടി രൂപ ചെലവഴിച്ച് നടപ്പാക്കുന്ന ഒന്നാം ഘട്ടത്തിൽ മൃഗങ്ങളുടെ 4 കൂടുകൾ, അഡ്മിനിസ്ട്രേറ്റീവ് ആഫീസ്, ക്വാർട്ടേഴ്സ്, സൂ ഹോസ്പിറ്റൽ, മൃഗങ്ങൾക്കു ഭക്ഷണം തയ്യാറാക്കുവാനുള്ള സൗകര്യങ്ങൾ എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്നു. ഇതിൽ ക്വാർട്ടേഴ്സിനായി 8 യൂണിറ്റുകളുള്ള രണ്ടു ബ്ലോക്കുകളുടെ പണി പൂർത്തിയായി. 4 കൂടുകളുടെ പണി ഫെബ്രുവരി 2019-ൽ പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. അഡ്മിനിസ്ട്രേറ്റീവ് ആഫീസിന്റെ ടെണ്ടർ നടപടി പൂർത്തിയായി. ജോലി ഈ മാസം ആരംഭിക്കും. സൂ ഹോസ്പിറ്റൽ സമുച്ചയത്തിന് ഭരണാനുമതി ലഭിച്ചു. ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു. മൃങ്ങൾ ക്കുള്ള 8 കൂടുകൾ, പാർക്കിംഗ് സംവിധാനം, സന്ദർശക സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുന്ന രണ്ടാം ഘട്ടത്തിന് കിഫ്ബിയിൽ നിന്നും 112.18 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ 8 4 കോടി രൂപയുടെ ടെണ്ടർ നടപടികൾ പൂർത്തിയായി. ജോലികൾ 2019 ജനുവരിയിൽ ആരംഭിക്കും. മൃഗങ്ങൾക്കുള്ള 11 കൂടുകൾ, ജല വിതരണം, വൈദ്യുതീകരണം, ചുറ്റുമതിൽ എന്നിവ ഉൾ പ്പെടുന്ന 18 8 കോടി രൂപയുടെ മൂന്നാം ഘട്ടത്തിന്റെ വിശദമായ പദ്ധതിരേഖ കിഫ്ബിയുടെ പരിഗണനയിലാണ്. നിർമ്മാണത്തിന് നിലവിൽ തടസ്സങ്ങൾ ഇല്ല. |

| | | | |
|---|---|---|---|
| (ബി) | തൃശ്ശൂരിലെ മൃഗശാലയിൽ നിന്ന് മൃഗങ്ങളെ എന്നത്തേക്ക് സുവോളജിക്കൽ പാർക്കിലേക്ക് മാറ്റാൻ കഴിയുമെന്ന് അറിയിക്കുമോ; | (ബി) | 2 0 2 0 ഒക്ടോബറിൽ തൃശ്ശൂരിലെ മൃഗശാലയിൽ നിന്നും മൃഗങ്ങളെ സുവോളജിക്കൽ പാർക്കിലേക്ക് മാറ്റാൻ കഴിയുന്ന വിധത്തിലാണ് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. |
| (സി) | ഈ സർക്കാർ നിലവിൽ വന്നതിനുശേഷം തിരുവനന്തപുരം മൃഗശാലയിലേക്ക് ഏതെല്ലാം മൃഗങ്ങളെ കൊണ്ടുവന്നുവെന്നും ഇനി ഏതെല്ലാം മൃഗങ്ങളെ കൊണ്ടുവരുമെന്നും വ്യക്തമാക്കുമോ; | (സി) | ഈ സർക്കാർ നിലവിൽ വന്നതിനുശേഷം വണ്ടല്ലൂർ മൃഗശാലയിൽ നിന്നും രണ്ട് ജോഡി വെള്ള മയിലുകൾ, രണ്ട് ജോഡി റെറ്റിക്കുലേറ്റഡ് പൈത്തൺ, നാഗാലാന്റ് മൃഗശാലയിൽ നിന്നും ഏഷ്യാറ്റിക് ബ്ലാക്ക് കരടികൾ, കാൺപൂർ മൃഗശാലയിൽ നിന്നും ഒരു ജോഡി കഴുതപ്പുലികൾ എന്നിവയെ കൊണ്ടുവന്നിട്ടുണ്ട്.<br><br>വിദേശത്ത് നിന്നും ജിറാഫ് , വെള്ള സിംഹം , ജാഗ്വാർ, സീബ്ര എന്നീ ഇനങ്ങളിൽപെട്ട ആകെ 15 എണ്ണം മൃഗങ്ങളെയാണ് കൊണ്ടു വരുന്നത്. ഇത്രയും മൃഗങ്ങളെ പാർപ്പിക്കുവാനുതകുന്ന സജ്ജീകരണങ്ങളോടു കൂടിയ പരിബന്ധനങ്ങളുടെ നവീകരണ പ്രവൃത്തികൾ പി.ഡബ്ല്യൂഡി മുഖേന ദ്രുതഗതിയിൽ നടന്നു വരുന്നു. ഇത് പൂർത്തീകരിക്കുന്ന മുറയ്ക്ക് മൃഗങ്ങളെ കൊണ്ടുവരാമെന്നാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | തിരുവനന്തപുരം മൃഗശാലയിലേക്ക് ജിറാഫിനെ കൊണ്ടുവരുന്നതിന് തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡ) | നിലവിൽ ജിറാഫിനെ കൊണ്ടുവരുന്നതിനു തടസ്സങ്ങൾ ഒന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ